(എ) സംസ്ഥാനത്തെ ആശുപത്രികളിൽ ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജനം നടത്താത്തതുമൂലം ഉണ്ടാകുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ കൈക്കൊള്ളുന്ന നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആന്റ് കൺട്രോൾ) റൂൾസ്, 1995, ബയോമെഡിക്കൽ വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റ്ലിംഗ്) റൂൾസ്, 1998 എന്നിവ പ്രകാരം ആശുപത്രികൾ, ചികിത്സാ കേന്ദ്രങ്ങൾ, ക്ലിനിക്കുകൾ, മൃഗാശുപത്രികൾ, മൃഗസംരക്ഷണ കേന്ദ്രങ്ങൾ, ബ്ലഡ് ബാങ്കുകൾ, ലബോറട്ടറികൾ എന്നീ സ്ഥാപനങ്ങൾ നടത്തുന്നവർ തന്നെ അത്തരം കേന്ദ്രങ്ങളിൽ നിന്നും ഉണ്ടാകുന്ന ബയോമെഡിക്കൽ വേസ്റ്റ് പരിസ്ഥിതിക്കും, പൊതുജനങ്ങളുടെ ആരോഗ്യത്തിനും ഹാനികരമാകാതെ ശാസ്ത്രീയമായി സംസ്കരിക്കുവാൻ ബാധ്യസ്ഥരാണ്. സംസ്ഥാന തലത്തിൽ ബയോമെഡിക്കൽ വേസ്റ്റ് ഡിസ്പോസൽ മാനേജ്മെന്റിനു വേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി ഇതിലേക്കാവശ്യമായി വരുന്ന ചെലവുകൾ, മറ്റ് സ്ഥാപനങ്ങളുടെ സഹകരണം എന്നിവയെപ്പറ്റി പഠിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ആശുപത്രി മാലിന്യങ്ങൾ മറ്റ് മാലിന്യങ്ങളോടൊപ്പം നിക്ഷേപിക്കരുത് എന്നും പ്രത്യേകമായി ശാസ്ത്രീയമായി സംസ്കരിക്കണമെന്നും 22-7-2003-ൽ ആരോഗ്യവകുപ്പ് ഡയറക്ടർ കർശനമായ നിർദ്ദേശം എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. കൂടാതെ ഇതേപ്പറ്റി ബോധവൽക്കരിക്കുന്നതിന് ആശുപത്രി ജീവനക്കാർക്കുവേണ്ടി ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്താൻ ഉദ്ദേശിക്കുന്നുമുണ്ട്.

മെഡിക്കൽ കോളേജാശുപത്രികളിലെ മാലിന്യങ്ങൾ ഇൻസിനറേറ്റർ സൗകര്യങ്ങൾ വഴിയും ദ്രാവക രൂപത്തിലുള്ള മാലിന്യങ്ങൾ അണുവിമുക്തമാക്കി ഡ്രൈനേജ് സൗകര്യം വഴിയും നിർമ്മാർജ്ജനം ചെയ്യുന്നുണ്ട്. ഖരമാലിന്യങ്ങൾ മെഡിക്കൽ കോളേജ് കാമ്പസ്സുകൾക്കുള്ളിൽ തന്നെ രാസവസ്തുക്കൾ ഉപയോഗിച്ച് അണുവിമുക്തമാക്കി കുഴിച്ചുമൂടുന്നു. ഇതുകൂടാതെ കരാർ അടിസ്ഥാനത്തിലും ദൈനംദിന മാലിന്യങ്ങൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

താലൂക്ക് ആശുപത്രികളിൽ ഹൃദ്രോഗ ചികിത്സയ്ക്കുള്ള സൗകര്യം

104 [824] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളിലല്ലാതെ ഏതെല്ലാം സർക്കാരാശുപത്രികളിലാണ് ഹൃദ്രോഗ ചികിത്സയ്ക്കുള്ള പ്രത്യേക സൗകര്യം ഉള്ളത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചികിത്സയ്ക്കുവേണ്ടി ആശുപത്രികളിൽ പോകുന്ന വഴിക്ക് അനേകം ഹൃദ്രോഗികൾ മരണപ്പെടുന്നതായ സംഭവങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ ആശുപത്രികളിൽ പോകാൻ കഴിവില്ലാത്ത ഇത്തരം പാവപ്പെട്ടവരും ഇടത്തരക്കാരുമായ കുടുംബങ്ങളിലെ രോഗികളെ ഉദ്ദേശിച്ചുകൊണ്ട് താലൂക്ക് ആശുപത്രികളിൽ ഹൃദ്രോഗ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഹൃദ്രോഗ ചികിത്സയ്ക്കുള്ള എല്ലാ പ്രത്യേക സൗകര്യങ്ങളും ഉണ്ട്.

(ബി) ആശുപത്രികളിൽ എത്തുന്നതിന് മുമ്പ് ചില ഹൃദ്രോഗികൾ മരണപ്പെടുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) സർക്കാരിന്റെ സാമ്പത്തിക നിലയും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ലഭ്യതയും അനുസരിച്ച് ഹൃദ്രോഗ ചികിത്സയ്ക്കുള്ള നടപടികൾ ജില്ലാ, താലൂക്ക് ആശുപത്രികളിൽ ഭാവിയിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

സാംക്രമിക രോഗവ്യാപന പ്രതിരോധ നടപടി

105 [825] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം വിവിധ പകർച്ചവ്യാധികൾ ബാധിച്ച് എത്ര പേർ മരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏറ്റവും കൂടുതൽ മരണമുണ്ടായ താലൂക്ക്/ജില്ല എന്നിവ ഏതാണെന്ന് അറിയിക്കാമോ;

(സി) സാർസ് രോഗം കേരളത്തിൽ ഉള്ളതായി സ്ഥിരീകരിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) സാംക്രമിക രോഗവ്യാപനത്തിനെതിരെ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഇ) രോഗബാധിതരായി മരിച്ചവരുടെ കുടുംബങ്ങൾക്ക് എത്ര തുക നഷ്ടപരിഹാരം നൽകിയിട്ടുണ്ട്?

ഉത്തരം

(എ) 301 പേർ.

(ബി) ഡെങ്കിപ്പനി—തിരുവനന്തപുരം ജില്ല, എലിപ്പനി—കോട്ടയം ജില്ല.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly